നം.കെ.എസ്.എ.പി.റ്റി.എ.പി7/ 23 /2019 തീയതി:11.01.2019

പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) -ാം വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 11.08.2017 മുതൽ 16.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| *ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* | ശ്രീ. ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ) |
| *ഓഡിറ്റിന് വിനിയോഗിച്ച സമയം* | *ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം* |
| 17.12.2018 മുതൽ 31.12.2018 വരെ | ശ്രീമതി സ്മിത എസ്സ്, ഓഡിറ്റ് ഓഫീസർ(ഹ ഗ്രേ) |
| | ശ്രീമതി സി.വീണ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ രാജശ്രീ സി.ആർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. എലിസബത്ത് മാത്യു | 1.4.2017മുതൽ 31.3.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.ബി.റഫീക്ക്, സെക്രട്ടറി | 01.04.2017മുതൽ 18.04.2017 വരെ |
| ശ്രീ.പി.റ്റി.ചെല്ലപ്പൻ, അസി.സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് | 19.04.2017മുതൽ 12.06.2017വരെ |
| ശ്രീ. റ്റി.ബെന്നി, സെക്രട്ടറി | 13.06.2017മുതൽ 31.03.2018 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. റെസീപ്റ്റ് ആന്റ് പേയ്മെന്റ് - 2017-18
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2017-18
4. ബാലൻസ് ഷീറ്റ്- 2017-18

സൂചിക


| *ക്രമ നം.* | *വിഷയം* | *ഖണ്ഡിക നം.* |
|---|---|---|
| | ഭാഗം-1 പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം(എ. സി. ആർ. പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | വാണിജ്യാവശ്യത്തിനുള്ള 100m2-ന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു -ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം | 2-1 |
| 14 | ഡി & ഒ ലൈസൻസ്- ചട്ട പ്രകാരം ലൈസൻസ് പുതുക്കുന്നില്ല | 2-2 |
| 15 | വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല | 2-3 |
| 16 | ഡി & ഒ ലൈസൻസ് അപേക്ഷകളിലെ വിവരങ്ങൾ അപൂർണ്ണം | 2-4 |
| 17 | അനുബന്ധ രേഖകളില്ലാതെ ഡി&ഒ ലൈസൻസ് അനുവദിക്കുന്നു | 2-5 |
| 18 | വാടക - കരാർ ചമയ്ക്കുന്നില്ല | 2-6 |
| 19 | സ്ഥാപന തൊഴിൽ നികുതി/തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല | 2-7 |
| 20 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല. | 2-8 |
| 21 | അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും ഇപ്പോഴും കുറഞ്ഞ നിരക്കിൽ തൊഴിൽനികുതി ഈടാക്കുന്നു. | 2-9 |
| 22 | ടെണ്ടർ ഫീസ് തിരികെ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല | 2-10 |
| | ഭാഗം-3 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 23 | വിവിധ ഉപകരണങ്ങൾ/സാധനങ്ങൾ വാങ്ങൽ- വിലയുടെ യുക്തി ഭദ്രത ഉറപ്പ് വരുത്തിയില്ല | 3-1 |
| 24 | തെരുവ് വിളക്കുകളുടെ പരിപാലനം- നിർവ്വഹണത്തിലെ അപാകതകൾ | 3-2 |
| 25 | വകയിരുത്തിയ തുക പൂർണ്ണമായും പ്രയോജനപ്പെടുത്തിയില്ല | 3-3 |

| | | |
|---|---|---|
| 26 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 3-4 |
| 27 | തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് – പ്രോജക്ട് ആവിഷ്കരിക്കുന്നില്ല | 3-5 |
| 28 | വെള്ളക്കരം അധികം ഒടുക്കുന്നു – സംയുക്ത പരിശോധനയില്ലാതെ | 3-6 |
| 29 | ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചു- ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല | 3-7 |
| 30 | സാക്ഷരതാമിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല | 3-8 |
| 31 | ശ്മശാനത്തിന് ഭൂമിയുണ്ടെങ്കിലും തുടർ നടപടിയില്ല | 3-9 |
| 32 | മുൻകൂറായി തുക നൽകിയിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല | 3-10 |
| 33 | മേഖലാ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചു | 3-11 |
| 34 | കേരളോത്സവം- ചെലവ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 3-12 |
| 35 | സ്പിൽ ഓവർ പ്രവൃത്തികൾ –യഥാസമയം പൂർത്തീകരിച്ചില്ല | 3-13 |
| 36 | ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായ തുക പൂർണ്ണമായി ചെലവഴിച്ചില്ല-ലാപ്സായത് 3411896 രൂപ | 3-14 |
| 37 | ആശ്രയ പദ്ധതി-അവലോകനം | 3-15 |
| | ഭാഗം-4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകകളുടെ വിവരം | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 41 | വായ്പ/ വായ്പാ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപം | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 45 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18വർഷത്തെ ബഡ്ജറ്റ് 14.03.2017 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച ശേഷം ഭരണസമിതിയുടെ 21.03.2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് 06.03.2018 തീയതിയിൽ അംഗീകരിച്ചിട്ടുണ്ട്.

ബഡ്ജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ഇനം* | *പ്രതീക്ഷിച്ചത് (ബജറ്റ് പ്രകാരം)* | *യഥാർത്ഥത്തിൽ ഉള്ളത് (വാർഷിക കണക്ക് പ്രകാരം)* | *വ്യത്യാസം* | |
|---|---|---|---|---|
| | | | *കൂടുതൽ* | *കുറവ്* |
| മുന്നിരിപ്പ് | 6619997 | 8781399 | 2161402 | |
| വരവ് | 90548157 | 43288845 | | 47259312 |
| ആകെ | 97168154 | 52070244 | | 45097910 |
| ചെലവ് | 81779722 | 43863477 | | 37916245 |
| നീക്കിയിരിപ്പ് | 15388432 | 8206767 | | 7181665 |

സെക്രട്ടറി, ഘടക സ്ഥാപന മേധാവികൾ എന്നിവർ തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റ് , അംഗീകരിച്ച വാർഷിക പദ്ധതി എന്നിവ സംയോജിപ്പിച്ചും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കിയ നിർദ്ദേശങ്ങൾ പരിഗണിച്ചും വേണ്ടിയിരുന്നു ബജറ്റ് തയ്യാറാക്കേണ്ടിയിരുന്നത്. എന്നാൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകിയതായി കാണുന്നില്ല.

നടപടികൾ കൃത്യമായി പാലിക്കാതെ ബജറ്റ് തയ്യാറാക്കിയത് മൂലം ബജറ്റ് കണക്കുകളും യഥാർത്ഥ വരവ് ചെലവ് കണക്കുകളും തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ടായിട്ടുണ്ട്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| *വർഷം* | *ധനകാര്യപത്രിക ലഭിക്കേണ്ട തീയതി* | *ലഭിച്ച തീയതി* |
|---|---|---|
| 2017-18 | 31.07.2018 | 15.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

2017-18 ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ പരാമർശിച്ച് 11.07.2018 ലെ കെ.എസ്.എ പിറ്റിഎ/പി7/711/2018-ാം നമ്പർ ആയി സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| *ഇനം* | *തുക* |
|---|---|
| മുന്നിരിപ്പ് | 8781399 |
| വരവ് | 43288845 |
| ആകെ | 52070244 |
| ചെലവ് | 43863477 |
| നീക്കിയിരിപ്പ് | 8206767 |

## 1-5 ഫണ്ട് വിനിയോഗം(എ. സി. ആർ. പ്രകാരം)

| *ഫണ്ടിനം* | *മുൻബാക്കി* | *വരവ്* | *ആകെ തുക* | *ചെലവ്* | *നീക്കിയിരിപ്പ്* | *ചെലവ് ശതമാനം* |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 8100975 | 8100975 | 8089075 | 11900 | 99.85 |
| വികസന ഫണ്ട് (എസ്.സി.പി) | | 4670659 | 4670659 | 4670659 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | | 17992 | 17992 | 0 | 17992 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 6699273 | 6699273 | 4174712 | 2524561 | 62.32 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | | 2454386 | 2454386 | 2454386 | 0 | 100 |
| ധനകാര്യ കമ്മീഷൻ അവാർഡ് | | 3360724 | 3360724 | 2503281 | 857443 | 74.49 |
| കെ.എൽ.എസ്.ജി.ഡി.പി | | 2174270 | 2174270 | 2174270 | 0 | 100 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 6365000 | 6365000 | | 6365000 | 0 |
| എസ്.ബി.റ്റി ലിറ്ററസി | | 87160 | 87160 | 87160 | 0 | 100 |
| എൻ. ആർ. ഇ. ജി.എസ് | 10099 | 452855 | 462954 | 372377 | 90577 | 80.43 |
| എസ് ബി റ്റി പൈക്ക | 335852 | 177 | 336029 | 315295 | 20734 | 93.83 |

| | | | | | | |
|---|---|---|---|---|---|---|
| ട്രഷറി റ്റി.എസ്.ബി ജോയിന്റ് വെഞ്ചർ | 17530 | 1185714 | 1203244 | 1101950 | 101294 | 91.58 |
| കറന്റ് ഫണ്ട് | | 71538 | 71538 | 50580 | 20958 | 70.7 |
| ബി ഫണ്ട് | | 32033717 | 32033717 | 32033717 | 0 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2017-18 | 143 | 54464505 | 80 | 26774775 | | 53 | 55.94 |

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ റോഡിന്റെ മൊത്തത്തിലുള്ള ദൂരത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം, റോഡുകളെ ചെറിയ ഭാഗങ്ങളാക്കി മുറിച്ച് കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.
2. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യം വരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ച തീർക്കുകയും ചെയ്യുന്ന പ്രവണത ഇപ്പോഴും നിലനിൽക്കുന്നു.
3. പശ്ചാത്തല മേഖലയിൽ നാമമാത്രമായ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.
4. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.
5. അസി സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളിൽ ആകെ വകയിരുത്തിയ തുകയുടെ 50 ശതമാനം പോലും ചെലവഴിച്ചിട്ടില്ല. പദ്ധതികൾക്കായി വകയിരുത്തിയ തുകയുടെ 60 ശതമാനം മാത്രമാണ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി ചെലവഴിച്ചിട്ടുള്ളത്.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 23 | 7546802 | 18 | 4525045 | 59.96 |
| സേവനം | 60 | 21630664 | 38 | 12628599 | 58.38 |
| പശ്ചാത്തലം | 60 | 25287039 | 24 | 9621131 | 38.05 |
| ആകെ | 143 | 54464505 | 80 | 26774775 | 49.16 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 10 | 7 | 1528500 | 931501 | 60.94 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 9 | 3458906 | 1416608 | 40.96 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 78 | 31 | 34051393 | 13523501 | 39.71 |
| വി.ഇ.ഒ | 7 | 6 | 4764044 | 3687421 | 77.4 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 4 | 4 | 1075000 | 1075000 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 700000 | 700000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 4 | 2481862 | 1606831 | 64.74 |
| കൃഷി ഓഫീസർ | 9 | 6 | 2582000 | 1313015 | 50.85 |
| വെറ്ററിനറി സർജൻ | 6 | 6 | 2336800 | 1219798 | 52.2 |
| എച്ച്.എം, ഗവ. എൽപിഎസ് | 5 | 4 | 886000 | 701100 | 79.13 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 600000 | 600000 | 100 |

| | | | | | |
|---|---|---|---|---|---|
| ആകെ | 143 | 80 | 54464505 | 26774775 | 49.16 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ വരവ് ചെലവ് കണക്കുകളുടെ വിവരം ചുവടെചേർക്കുന്നു.

| *ഇനം* | *മുന്നിരിപ്പ്* | *വരവ്* | *ആകെ* | *ചെലവ്* | *നീക്കിയിരിപ്പ്* |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 10099 | 598153 | 608252 | 517674.9 | 90577.1 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 9345360 | 9345360 | 9345360 | 0 |
| 100 തൊഴിൽദിനം പൂർത്തിയാക്കിയവർക്ക് നൽകിയ ബോണസ് തുക | 0 | 32000 | 32000 | 32000 | 0 |
| ആകെ | 10099 | 9975513 | 9985612 | 9895034.9 | 90577.1 |

## 1-8 ക്ഷേമ പദ്ധതികൾ

| *ക്രമ നം.* | *പെൻഷൻ ഇനം* | *ഗുണഭോക്താക്കളുടെ എണ്ണം* | *ചെലവഴിച്ച തുക* | *2017-18 ൽ ലഭിച്ച അപേക്ഷകൾ* | *നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ* | *നിരസിച്ചവ* |
|---|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 275 | 3117900 | 3 | 0 | ഇല്ല |
| 2 | വിധവാ പെൻഷൻ | 477 | 5756100 | 25 | 25 | |
| 3 | വികലാംഗ പെൻഷൻ | 167 | 1980700 | 7 | 7 | |
| 4 | വാർദ്ധക്യകാല പെൻഷൻ | 835 | 11201000 | 172 | 121 | 51 |
| 5 | അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 21 | 252000 | 1 | 1 | |
| 6 | തൊഴിൽ രഹിത വേതനം | 13 | 8280 | 1 | | 1 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2018 3.35 PM-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 2843 രൂപയുടെ (രണ്ടായിരത്തി എണ്ണൂറ്റി നാൽപത്തിമൂന്ന് രൂപാ മാത്രം) കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1)ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ (ഡി.ബി.) 13.01.2010ലെ 58608/ഡി.ബി2/09 ഉത്തരവ് പ്രകാരം ഓരോ സാമ്പത്തികവർഷത്തിന്റെയും ആരംഭത്തിൽ മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് അംഗീകാരത്തിനായി ഭരണസമിതിയ്ക്ക് സമർപ്പിക്കേണ്ടതും അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും അത് കാലികമാക്കി കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

2)ഡെപ്പോസിറ്റ് പ്രവൃത്തികളുടെ രജിസ്റ്റർ

പഞ്ചായത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ചും വിനിയോഗിക്കാതെ വിവിധ ഏജൻസികളിൽ തുകകൾ അവശേഷിക്കുന്നുണ്ടോയെന്നത് സംബന്ധിച്ചും പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.. നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ കൃത്യമായി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതും തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് വിനിയോഗിക്കാതെ അവശേഷിക്കുന്ന തുകകൾ ഈടാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

3)തെരുവ് വിളക്കുകളുടെ രജിസ്റ്റർ

2017-18 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും ഗണ്യമായ തുക തെരുവുവിളക്കുകളുടെ പരിപാലനത്തിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. ആനുവൽ മെയിന്റനൻസ് നടത്തുന്നതിനായി കരാർ വയ്ക്കുകയും കരാറുകാരൻ നേരിട്ട് വിളക്കുകൾ വാങ്ങി സ്ഥാപിക്കുകയും മെയിന്റൻൻസ്

നടത്തുകയുമാണുണ്ടായത്. കരാറുകാരൻ നേരിട്ട് വാങ്ങിയതിനാൽ പഞ്ചായത്തിൽ വിളക്കുകൾ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. നന്നാക്കാൻ കഴിയാത്ത വിളക്കുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. രണ്ട് രജിസ്റ്ററുകളും തയ്യാറാക്കേണ്ടതും രജിസ്റ്ററിലെ വിവരങ്ങൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രം ആവശ്യമായ എണ്ണം തെരുവ് വിളക്കുകൾ വാങ്ങേണ്ടതുമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ്* | *അവസാനം ഓഡിറ്റ് നടത്തിയ തീയതി* | *ഓഡിറ്റ് കാലയളവ്* | *റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി* |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.11.2018 | 2018 സെപ്റ്റംബർ, ഒക്ടോബർ | 29.11.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.02.2018 | 2012-13 മുതൽ<br>2016-17 വരെ | 04.04.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

കേരളോത്സവത്തിനായി തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 32503 രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത ശീർഷകത്തിലും ആകെയുള്ള ചെലവിലും തൻവർഷത്തെ നീക്കിയിരിപ്പിലും വന്നിട്ടുള്ള വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള 100m2-ന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചു -ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 70/-രൂപയായി പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് (G6-4982/2011തീ:24.04.2012). വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ് മെന്റ് രജിസറ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| *ഉടമസ്ഥന്റെ പേര്* | *കെട്ടിട നം /വാർഡ് നം* | *കെട്ടിടത്തിന്റെ വിസ്തീർണ്ണം* | *നിർണ്ണയിച്ച നികുതി- അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പെടെ (ച.മീറ്ററിന് 60രൂപ നിരക്കിൽ)* | *നിർണ്ണയിക്കേണ്ട നികുതി- അർഹതപ്പെട്ട വർദ്ധനവ്/ഇളവ് ഉൾപ്പെടെ (ച.മീറ്ററിന് 70രൂപ നിരക്കിൽ)* | *കുറവ്* |
|---|---|---|---|---|---|
| മാധവൻ വാസു,ചെമ്മരത്തിൽ,മനയ്ക്കച്ചിറ | 53A | 18ച.മീ. | 18*60=1080+216(20%വർദ്ധനവ്)=1296 | 18*70=1260+252(20%വർദ്ധനവ്) =1512 | 216 |
| | 53B | 18 ച.മീ. | 18*60=1080+216(20%വർദ്ധനവ്)=1296 | 18*70=1260+252(20%വർദ്ധനവ്) =1512 | 216 |
| | 53C | 15.65 ച.മീ. | 15.65*60=939+187.8(20%വർദ്ധനവ്)=1127 | 15.65*70=1095.5+219 (20%വർദ്ധന)=1315 | 188 |
| | 53D | 15.65 ച.മീ. | 15.65*60=939+187.8(20%വർദ്ധനവ്)=1127 | 15.65*70=1095.5+219 (20%വർദ്ധന)=1315 | 188 |
| | 53E | 15.65 ച.മീ. | 15.65*60=939+187.8(20%വർദ്ധനവ്)=1127 | 15.65*70=1095.5+219 (20%വർദ്ധന)=1315 | 188 |
| | 53F | 15.65 ച.മീ. | 15.65*60=939+187.8(20%വർദ്ധനവ്)=1127 | 15.65*70=1095.5+219 (20%വർദ്ധന)=1315 | 188 |
| | 53G | GF-19.03<br>FF-19.03ച. മീ. | 38.06*60=2283.6+456.7(20%വർദ്ധനവ്)=2740.32 | 38.06*70=2664.2+532.84(20%വർദ്ധനവ്)=3197 | 457 |
| ആകെ | | | | | 1641 |
| അന്നമ്മ തോമസ്,ആൻസി ലിജു,<br>ലിജു<br>എബ്രഹാം,മുഞ്ഞനാട്ട്,തോട്ടഭാഗം | 162J | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162K | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162L | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162M | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162N | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162O | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162P | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162Q | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162R | 50.5 ച.മീ. | 50.5*60=3030+606(20%വർദ്ധനവ്)=3636 | 50.5*70=3535+707(20%വർദ്ധനവ്)=4242 | 606 |
| | 162S | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162T | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162U | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| | 162V | 23.87 ച.മീ. | 23.87*60=1432.2+286.44(20%വർദ്ധനവ്)=1719 | 23.87*70=1671+334(20%വർദ്ധനവ്)=2005 | 286 |
| ആകെ | | | | | 4038 |

| | | | | | |
|---|---|---|---|---|---|
| ശാന്തകുമാരിയമ്മ, വടയത്രു,തോട്ടഭാഗം | 139A | 37.44 ച.മീ. | 37.44*60=2246.4+449.28(20%വർദ്ധനവ്)=2696 | 37.44*70=2621+524(20%വർദ്ധനവ്)=3145 | 449 |
| | 139B | 37.44 ച.മീ. | 37.44*60=2246.4+449.28(20%വർദ്ധനവ്)=2696 | 37.44*70=2621+524(20%വർദ്ധനവ്)=3145 | 449 |
| | 139C | 37.44 ച.മീ. | 37.44*60=2246.4+449.28(20%വർദ്ധനവ്)=2696 | 37.44*70=2621+524(20%വർദ്ധനവ്)=3145 | 449 |
| | 139E | 112.32 | 112.32*70=7862+1572(20%വർദ്ധനവ്)=9434 | 112.32*70=7862+1572(20%വർദ്ധനവ്)=9434 | 0 |
| ആകെ | | | | | 1347 |
| ആകെ | | | | | 7026 |

വസ്തുനികതി പുനർ നിർണ്ണയിക്കേണ്ടതും നഷ്ടമായ തുക ഉടമസ്ഥരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 2-2 ഡി & ഒ ലൈസൻസ്- ചട്ട പ്രകാരം ലൈസൻസ് പുതുക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. കൂടാതെ, ചട്ടം 8 പ്രകാരം ഏതൊരു ലൈസൻസിന്റേയും കാലാവധി ആ സാമ്പത്തിക വർഷം അവസാനിക്കുന്നതും, അല്ലാത്ത പക്ഷം ലൈസൻസിന്റെ കാലാവധി പ്രസിഡന്റ് ഒരു മുൻ തീയ്യതിയിൽ അതിന്റെ കാലാവധി അവസാനിക്കണമെന്ന് പ്രത്യേക കാരണങ്ങളാൽ കരുതുകയാണെങ്കിൽ അതിൽ പ്രത്യേകം പറയാവുന്ന മുൻ തീയ്യതിയിൽ അവസാനിക്കുന്നതുമാകുന്നു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് പുതുക്കുന്നതിനായുള്ള അപേക്ഷകളും രജിസ്റ്ററും പരിശോധിച്ചതിൽ, 200സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനും, പുതിയ ലൈസൻസിനുമായി അപേക്ഷിച്ചിട്ടുണ്ട്. മേൽ ചട്ടം പ്രകാരം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ 2017 ഫെബ്രുവരി മാസത്തിൽ തന്നെ നൽകേണ്ടതായിരുന്നു. എന്നാൽ ഇവയിൽ 73 എണ്ണം മാത്രമാണ് പുതുക്കുന്നതിനുള്ള അപേക്ഷ ഫെബ്രുവരിയിൽ നൽകിയത്. ബാക്കി സ്ഥാപനങ്ങൾ ഏപ്രിൽ മുതൽ മാർച്ച് വരെയുള്ള മാസങ്ങളിലായാണ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. സാമ്പത്തിക വർഷം അവസാനിച്ച് പിന്നീട് ലൈസൻസ് പുതുക്കുന്നത് വരെ ഇത്തരം സ്ഥാപനങ്ങൾ നിയമവിരുദ്ധമായാണ് പ്രവർത്തിക്കുന്നത്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾ നൽകാൻ നിർദ്ദേശിക്കേണ്ടതും അവയിൽ നിന്നെല്ലാം ലൈസൻസ് ഫീസ് സമയബന്ധിതമായി ഈടാക്കേണ്ടതുമാണ്.

## 2-4 ഡി & ഒ ലൈസൻസ് അപേക്ഷകളിലെ വിവരങ്ങൾ അപൂർണ്ണം

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 7 പ്രകാരം, ഒരു ദിവസത്തെ വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ പട്ടിക II-ൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് സ്ഥാപനത്തിന്റെ ലൈസൻസ് ഫീ ഈടാക്കേണ്ടത്. എന്നാൽ പല അപേക്ഷകളിലും ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തുന്നില്ല. സ്ഥാപനങ്ങൾക്ക് മുൻ വർഷം ഈടാക്കിയ തുക തന്നെ ലൈസൻസ് ഫീസായി തുടർന്നും ഈടാക്കിപ്പോരുകയാണ് ചെയ്യുന്നത്. ലൈസൻസ് ഫയൽ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ മിക്ക അപേക്ഷകളിലും ആവശ്യമായ അന്വേഷണ റിപ്പോർട്ട് ഉൾപ്പെടുത്തുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനഉടമയുടെ പേര് | സ്ഥാപനം | ഈടാക്കിയ ഫീസ് | റിമാർക്ക്സ് |
|---|---|---|---|---|
| 1. | അന്നമ്മ കോശി | സാന്റാ മരിയ ബ്യൂട്ടീ പാർലർ | 200 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 2. | പ്രകാശ് ആർ.എസ്. | വിൻസ്റ്റാർ മാർക്കറ്റിംഗ് | 500 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 3. | ശിവ വിജയ് എസ്. | മെറ്റൽസ് ആന്റ് കേബിൾസ് ഇൻഫ്രാസ്ട്രക്ചർ | 1000 | ദിവസ വിറ്റു വരവ്,അന്വേഷണ റിപ്പോർട്ട് എന്നിവ ഇല്ല |
| 4. | രവി റ്റി.വി. | രവീസ് ഹോട്ടൽ | 200 | ദിവസ വിറ്റു വരവ്,അന്വേഷണ റിപ്പോർട്ട് എന്നിവ ഇല്ല |
| 5. | പി. സി. വർഗ്ഗീസ് | വേഗ ഇന്നവേഷൻസ് | 2000 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 6. | അരുൺ മനോഹർ | ശ്രീ മഹാവീർ ഇൻഡേൻ ഗ്യാസ് ഏജൻസി | 500 | ദിവസ വിറ്റു വരവ്, അന്വേഷണ റിപ്പോർട്ട് എന്നിവ ഇല്ല |
| 7. | സുരേഷ് കുമാർ | എം.ജി.സി. ടെക്സ്റ്റൈൽസ് | 100 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 8. | ഈപ്പൻ മത്തായി | ഷൈൻ വുഡ് പ്രോഡക്ട്സ് | 200 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 9. | മോഹനൻ നായർ വി. | വാമന ട്രേഡിംഗ് | 300 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 10. | രഘു പി.എ. | പരാശക്തി വെൽഡിംങ് വർക് ഷോപ്പ് | 300 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 11. | പി.റ്റി. രമാദേവി | ദേവി ഹോളോബ്രിക്സ് | 300 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 12. | അനിൽകുമാർ എം.എസ്. | ആഞ്ജനേയാ ഏജൻസീസ് | 300 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 13. | ബാബു.പി. സൈമൺ | സിമന്റ് വ്യാപാരം | 2000 | ദിവസ വിറ്റുവരവ്, അന്വേഷണ റിപ്പോർട്ട് എന്നിവ ഇല്ല |
| 14. | ബിജു കെ.എ. | അച്ചൂസ് ലോഡ്ജ് | 200 | ദിവസ വിറ്റു വരവ്, അന്വേഷണ റിപ്പോർട്ട് എന്നിവ ഇല്ല |

| | | | | |
|---|---|---|---|---|
| 15. | ജോമോൻ തോമസ് | ജോയൽ ചിക്കൻ സെന്റർ | 300 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 16. | രാജു ജേക്കബ് | സെന്റ്. ജോൺസ് സർവ്വീസ് സ്റ്റേഷൻ | 200 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 17. | സുബാഷ് കുമാർ പി.റ്റി. | ടൂ വീലർ വർക് ഷോപ്പ് | 100 | ദിവസ വിറ്റു വരവ്, അന്വേഷണ റിപ്പോർട്ട് എന്നിവ ഇല്ല |
| 18. | സതീഷ് ഫിലിപ്പ് | ഫിലിപ്സ് കാറ്ററിംഗ്സ് | 300 | ദിവസ വിറ്റു വരവ്, അന്വേഷണ റിപ്പോർട്ട് എന്നിവ ഇല്ല |
| 19. | സി.എൻ.ഷാജി | കോട്ടൂക്കാരൻ ഇൻഡസ്ട്രീസ് | 1000 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 20. | റ്റി.എസ്. സതീഷ് ബാബു | മാഗ്നം വർക്ക്സ് | 200 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 21. | കെ.ആർ. ശിവാനന്ദൻ | ഓട്ടോടെക് എഞ്ചിനീയറിംഗ് & ഡയഗണോസ്റ്റിക്സ് സെന്റർ | 200 | അന്വേഷണ റിപ്പോർട്ട് ഇല്ല |
| 22. | പി.എം. പുന്നൂസ് | തോംസൺ ഓട്ടോഇലക്ട്രിക് വർക് ഷോപ്പ് | 200 | അന്വേഷണ റിപ്പോർട്ട് ഇല്ല |

അപേക്ഷയിൽ പൂർണ്ണമായി വിവരങ്ങൾ ചേർക്കുന്നതിനും ഫീൽഡ് പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് അപേക്ഷയിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കുന്നതിനും സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 അനുബന്ധ രേഖകളില്ലാതെ ഡി&ഒ ലൈസൻസ് അനുവദിക്കുന്നു

ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2017-18 വർഷം ആവശ്യമായ സാക്ഷ്യപത്രങ്ങളില്ലാതെ ലൈസൻസ് അനുവദിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര്, സ്ഥാപനം | സാക്ഷ്യപത്രത്തിന്റെ വിവരം |
|---|---|---|
| 1. | വർഗ്ഗീസ് ചാക്കോ,എവർഗ്രീൻ ബ്ലോക്ക്സ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി 31.12.17 വരെ മാത്രം |
| 2. | വി.വി. വർഗ്ഗീസ്, വി.വി.ഡിസ്ട്രിബ്യൂട്ടേഴ്സ് | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 3. | ഹരികുമാർ എ.പി. ,ആഞ്ജനേയാ വർക്ക് ഷോപ്പ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ല |
| 4. | അരുൺ മനോഹർ,ശ്രീ മഹാവീർ ഇൻഡേൻ ഗ്യാസ് ഏജൻസി | ഫയർ & റസ്ക്യൂ സർട്ടിഫിക്കറ്റിന്റെ വാലിഡിറ്റി 29.10.17 വരെ മാത്രം |
| 5. | പി.എം.മത്തായി ,പാറക്കടവിൽ ഫ്ലോർ മിൽസ് | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 6. | ഷംസുദീൻ, മീരാൻസ് ആലയം | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 7. | മധു പി. കെ.,റാന്നി കോഫീ വർക്സ് | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 8. | ദീനാമ്മ തോമസ്, ഡെന്നിസ് ബേക്കറി | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 9. | രഘു പി.എ.,പരാശക്തി വെൽഡിംങ് വർക് ഷോപ്പ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ല |
| 10. | പി.റ്റി.രമാദേവി, ദേവി ഹോളോബ്രിക്സ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ല |
| 11. | ജോമോൻ തോമസ്, ജോയൽ ചിക്കൻ സെന്റർ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി 30.06.17 വരെ മാത്രം |
| 12. | സതീഷ് ഫിലിപ്പ്, ഫിലിപ്സ് കാറ്ററിംഗ്സ് | സാനിട്ടേഷൻ സർട്ടിഫിക്കറ്റ് ഇല്ല |
| 13. | സി.എൻ.ഷാജി, കോട്ടൂക്കാരൻ ഇൻഡസ്ട്രീസ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ല |
| 14. | റ്റി.എസ്.സതീഷ്ബാബു, മാഗ്നം വർക്സ് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ല |
| 15. | കെ.ആർ. ശിവാദാസൻ, ഓട്ടോടെക് എഞ്ചിനീയറിംഗ് & ഡയഗണോസ്റ്റിക്സ് സെന്റർ | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ല |

| | | |
|---|---|---|
| 16. | പി.എം.പുന്നൂസ്, തോംസൺ ഓട്ടോഇലക്ട്രിക് വർക്ക് | മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഇല്ല |

ആവശ്യമായ സാക്ഷ്യപത്രങ്ങളും അനുബന്ധ രേഖകളും സമർപ്പിക്കുന്നതിന് വിധേയമായി മാത്രം വ്യാപാര സ്ഥാപനങ്ങൾക്ക് ഡി &ഒ ലൈസൻസ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-6 വാടക - കരാർ ചമയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ 27 കടമുറികൾ സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് നല്കുന്നവയാണ്. കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുമ്പോൾ കേരള പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ വാടകയുടെ രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്നവരുടെ പേരിൽ വ്യവസ്ഥകൾ ഉൾപ്പെടുത്താതെ ശൂന്യമായ കരാർ പത്രങ്ങൾ സൂക്ഷിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

| ക്രമ നം. | പേര്, | കടമുറി നം |
|---|---|---|
| 1. | ഓമന രാധാകൃഷ്ണൻ,കവിയൂർ | X/166 |
| 2. | ശിവകുമാർ എം.ജെ.,വള്ളംകുളം | X/175 |
| 3. | സനൽകുമാർ,ദേവരാഗം | X/180 |

പഞ്ചായത്ത് ഡയറക്ടറുടെ 18.01.2007 തീയതിയിലെ സർക്കുലർ നം.എച്ച് 1-13880/06ലെ 21-ാംനമ്പർ ആയുള്ള സർക്കുലറിൽ പഞ്ചായത്ത് കരാറിൽ ഏർപ്പെടുമ്പോൾ പാലിക്കേണ്ട നടപടികളെപ്പറ്റി വിശദമാക്കുന്നുണ്ട്. ആയതു പ്രകാരം വിശദമായതും ഏകീകൃത സ്വഭാവത്തിലുള്ളതുമായ കരാർ ചമയ്ക്കേണ്ടതും കരാറിൽ ആവശ്യമായ എല്ലാ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-7 സ്ഥാപന തൊഴിൽ നികുതി/തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. ടെലികോം സിവിൽ സബ്ഡിവിഷൻ ഓഫീസ് 2017-18ൽ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 205-ാം വകുപ്പ് പ്രകാരം ശമ്പളത്തിനോ വേതനത്തിനോ ജോലി ചെയ്യുന്ന എല്ലാ തൊഴിലാളികളും ഒരു അർദ്ധവർഷക്കാലം ഇടർച്ചയായി 60 ദിവസക്കാലം പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുകയും 1996 -ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടത്തിൽ അനുശാസിക്കുന്ന കുറഞ്ഞ വേതനം കൈപ്പറ്റുകയും ചെയ്താൽ നിയമാനുസൃതമായി തൊഴിൽ നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരാണ്.

ഗ്രാമപഞ്ചായത്തിൽ 2017-18 ൽ പൊതുമരാമത്ത് പ്രവർത്തികൾ ചെയ്ത കരാറുകാരുടെ പേരു വിവരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറിനം.1തീയതി 24.12.2018) മറുപടി ലഭ്യമാക്കിയത് പ്രകാരമുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമനം. | പേര് | മേൽവിലാസം |
|---|---|---|
| 1 | ജിനു പി.കുര്യൻ, | പൊഴിമണ്ണിൽ, ഇരുത്തിക്കാട് |
| 2 | ജയൻ ജെ. | പൂർണ്ണിമ,തിരുമൂലപുരം |
| 3 | ഐ.ജി.സുകുമാരൻ | ഐക്കരമലയിൽ,കുന്നംതാനം |
| 4 | വിജയകുമാർ പി | ശ്യാമളാലയം,മുത്തൂർ പി.ഒ. |
| 5 | പി.എം.കബീർ | പുൽപ്രച്ചാലിൽ ഹൗസ്,പേഴകാപ്പള്ളി |
| 6 | കെ.ഒ.കുര്യാക്കോസ് | കുന്നംകുഴിയിൽ ഹൗസ്,ഇരവിപേരൂർ |
| 7 | സേവ്യർ ജോസഫ് | നാട്ടൂർ ഹൗസ്,പായിപ്പാട് |
| 8 | വർഗ്ഗീസ് ജോർജ് | ആഞ്ഞിലി മൂട്ടിൽ,മല്ലപ്പള്ളി |
| 9 | എ.കെ.സന്തോഷ് കുമാർ | ആല്യംവിളയിൽ,മേലൂട് |
| 10 | ജയൻ ഐ.ജി. | തോപ്പിൽ ഹൗസ്,പെരിങ്ങര പി.ഒ. |

മേൽ സൂചിപ്പിച്ച കരാറുകാർ ഒന്നുംതന്നെ തൊഴിൽ നികുതി അടച്ചിട്ടില്ല. കരാറുകാർ മറ്റേതെങ്കിലും പഞ്ചായത്തിൽ നികുതി അടച്ചിട്ടുണ്ടെങ്കിൽ അതിന്റെ രസീത് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇടർ നടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-9 അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നിരക്കിൽ തൊഴിൽനികുതി ഈടാക്കുന്നു

ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആർച്ച് ബിഷപ്പ് പബ്ലിക് സ്കൂൾ കോട്ടൂർ, സെന്റ് സ്റ്റീഫൻസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ മുണ്ടിയപ്പള്ളി, ശങ്കരമംഗലം സ്കൂൾ കവിയൂർ, നീലകണ്ഠ വിദ്യാപീഠം ഞാലിക്കണ്ടം എന്നീ അൺ എയ്ഡഡ് സ്കൂളുകളാണ് പ്രവർത്തിക്കുന്നത്. മേൽ പറഞ്ഞ സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽനികുതിയുടെ റിട്ടേൺ പരിശോധിച്ചതിൽ അദ്ധ്യാപകർക്ക് ബഹു.. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരമുള്ള ശമ്പളം നൽകുന്നില്ലെന്ന് വ്യക്തമാകുന്നു. കേരള സംസ്ഥാന ഓഡിറ്റിന്റെ 2016-17 ലെ ഓഡിറ്റ് റിപ്പോർട്ടിലെ ഖ.2-3 -ൽ മേൽ വിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും നാളിതുവരെയും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ജീവനക്കാരുടെ തൊഴിൽനികുതി റിട്ടേൺ ലഭ്യമാകുമ്പോൾ അതിലെ വിവരങ്ങൾ ശരിയാണോയെന്ന് പരിശോധിക്കേണ്ടതും നികുതിയിനത്തിൽ പഞ്ചായത്തുഫണ്ടിൽ കുറവു വരുന്നില്ലെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-10 ടെണ്ടർ ഫീസ് തിരികെ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല

28.09.2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി. ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാപഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപ്പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയത് തിരികെ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടില്ല. 2015-16, 2016-17 വർഷങ്ങളിലും പ്രസ്തുത അക്കൗണ്ടിൽ ടെണ്ടർ ഫീസിനത്തിൽ ലഭിച്ചിട്ടുള്ള തുക തിരികെ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല. തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രവൃത്തികളുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | തിരികെ തനത് ഫണ്ടിൽ ക്രഡിറ്റ് ചെയ്ത തുക | ബാലൻസ് |
|---|---|---|---|---|---|
| 1 | 2015-16 | 17 | 129000 | 0 | 129000 |
| 2 | 2016-17 | 13 | 18420 | 0 | 18420 |
| 3 | 2017-18 | 3 | 6200 | 0 | 6200 |
| ആകെ | | | | | 153620 |

ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാൻ അവശേഷിക്കുന്ന തുക തിരികെ വാങ്ങുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിവിധ ഉപകരണങ്ങൾ/സാധനങ്ങൾ വാങ്ങൽ- വിലയുടെ യുക്തി ഭദ്രത ഉറപ്പ് വരുത്തിയില്ല

സെക്രട്ടറി, ഐസിഡിഎസ് സൂപ്പർവൈസർ, ഹെഡ്മിസ്ട്രസ്സ് എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി വിവിധ ഉപകരണങ്ങളും സാധനങ്ങളും ടെണ്ടർ മുഖാന്തിരം വാങ്ങിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

I) നിർവ്വഹണോദ്യോഗസ്ഥൻ:- സെക്രട്ടറി

| ക്രമ നം | പ്രോജക്ട്നം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് | ചെക്ക് നം/ബിൽ നം | തീയതി |
|---|---|---|---|---|---|---|
| 1 | 8/18 | വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണ്ണീച്ചർ(അലമാര) | 111000<br>(റോഡിതര മെയിന്റനൻസ് ഫണ്ട്) | 99500 | 1705075200880 | 26.03.2018 |
| 2 | 71/18 | കോൺഫറൻസ് ഹാളിലേക്ക് കസേര | 100000<br>(തനത് ഫണ്ട്) | 81000 | 8066740 | 23.03.2018 |

ലഭിച്ച ടെണ്ടറുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | അലമാരയുടെ നിരക്ക് | കസേരയുടെ നിരക്ക് | |
|---|---|---|---|
| | | എക്സിക്യൂട്ടീവ് കസേര | ചെയർ പേഴ്സണിന്റെ കസേര |
| ശബരി സ്റ്റീൽ ഫർണ്ണീച്ചർ | 8389 | 4450 | 7850 |
| കിക്കോ ബിസിനസ്സ് കോർപ്പറേഷൻ | 8490 | 4490 | 13500 |
| തമ്പുരാൻ കാലായിൽ | 7120 | 5200 | 11200 |
| എവർഷൈൻ എന്റർപ്രൈസസ് | 9950 | 4450 | 9800 |
| സെവൻ സ്റ്റാർ ഇന്റീരിയർ | - | 4100 | 85 |

രണ്ട് പ്രോജക്റ്റുകളിലേയും ടെണ്ടറുകളിൽ പങ്കെടുത്തവരോട് സാധനങ്ങളുടെ സാമ്പിൾ ഹാജരാക്കാൻ നിർദ്ദേശം നൽകുന്നതിന് 20.02.2017ലെ ജനറൽ കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. വിവിധ സപ്ലൈയർമാർ സാധനങ്ങൾ പ്രൊക്യൂർമെന്റ് കമ്മിറ്റിക്ക് മുൻപാകെ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള കമ്മിറ്റി റിപ്പോർട്ട് 16.02.2018 ലെ ജനറൽ കമ്മിറ്റി അജണ്ട 2 ആയി ചർച്ച ചെയ്തിരുന്നു. അലമാര , കസേര എന്നിവയ്ക്ക് എവർഷൈൻ എന്റർപ്രൈസസ്, മാന്നാർ ഹാജരാക്കിയ സാമ്പിൾ മറ്റ് സാമ്പിളുകളേക്കാൾ മികച്ച നിലവാരവും ഗുണമേന്മയും ഉള്ളതായതിനാൽ വിലയുടെ അന്തരം പരിഗണിക്കാതെ ടി വിതരണക്കാരനിൽ നിന്നും സാധനം വാങ്ങുന്നതിന് ജനറൽ കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തി. തുടർന്ന് എക്സിക്യൂട്ടീവ് കസേര 9800 രൂപ നിരക്കിലും

സെമി എക്സിക്യൂട്ടീവ് കസേര 16എണ്ണം 4450 രൂപ നിരക്കിലും 10 അലമാര 9950 രൂപ നിരക്കിലും എവർഷൈൻ എന്റർപ്രൈസസിൽ നിന്നും വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണം ചെയ്തിട്ടുണ്ട്.

II) നിർവ്വഹണോദ്യോഗസ്ഥ:- ഐസിഡിഎസ്സ് സൂപ്പർവൈസർ

| | | |
|---|---|---|
| പ്രോജക്ട്നം | 53/18 | |
| പ്രോജക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ | |
| അടങ്കൽ | 121800 | |
| ചെലവ്, ബിൽ നം/ചെക്ക് നം,തീയതി | 103250 | 98000-9/19.03.2018, |
| | | 5250-c4-6131281/26.03.2018 |

ലഭിച്ച ടെണ്ടറുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | നിരക്ക് |
|---|---|
| മാഗ്നം വർക്ക്സ് | 4130 |
| തമ്പുരാൻ കാലായിൽ | 3650 |
| ഫോറസ്റ്റ് ഇൻഡസ്ട്രീസ്സ് | 4350 |

ടെണ്ടറുകൾ സമർപ്പിച്ച സപ്ലൈയർമാർ എല്ലാവരും ടെണ്ടർ നോട്ടീസിൽ പരസ്യപ്പെടുത്തിയ ഇനം സ്പെസിഫിക്കേഷനുള്ള കട്ടിലിന്റെ വില ക്വോട്ട് ചെയ്തത് കാരണം20.02.2017ലെ ജനറൽ കമ്മിറ്റി സാമ്പിൾ ഹാജരാക്കുന്നതിനും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും പ്രൊക്യൂർമെന്റ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ഹാജരാക്കിയ സാമ്പിളുകളിൽ മാഗ്നം വർക്ക്സിന്റെ സാമ്പിളുകൾ മികച്ച നിലവാരംപുലർത്തുന്നതിനാൽ വിലയുടെ അന്തരം പരിഗണിക്കാതെ ടി വിതരണക്കാരനിൽ നിന്നും 4130 രൂപയുടെ കട്ടിൽ വാങ്ങുന്നതിന്16.02.2018 ലെ കമ്മിറ്റി അംഗീകാരം നൽകുകയും 25 കട്ടിലുകൾ പ്രസ്തുത നിരക്കിൽ വാങ്ങി വയോജനങ്ങൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

II) നിർവ്വഹണോദ്യോഗസ്ഥ:- ഹെഡ് മിസ്ട്രസ്സ്

| | |
|---|---|
| പ്രോജക്ട്നം | 190/18 |
| പ്രോജക്ടിന്റെ പേര് | എസ് സി വിദ്യാർത്ഥികൾക്ക് പഠനോപകരണം |
| അടങ്കൽ | 294000 |
| ചെലവ് | 230100 |
| ബിൽ നം/തീയതി | 4/2017-18/sc students bill/24.03.2018 |

ലഭിച്ച ടെണ്ടറുകൾ പ്രകാരം വിവിധ സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്കുകൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനം | മേശയുടെ നിരക്ക് | കസേരയുടെ നിരക്ക് |
|---|---|---|
| സിറ്റി മെഡിക്കൽ സപ്ലൈസ്, തിരുവല്ല | 2950 | 950 |
| ശബരി സ്റ്റീൽ ഫർണ്ണീച്ചർ | 2330 | 887 |
| തമ്പുരാൻ കാലായിൽ | 2210 | 899 |
| കിക്കോ സ്പോർട്ട്സ് | 2490 | 940 |

സ്ഥാപനങ്ങൾ ഹാജരാക്കിയ സാമ്പിളുകൾ പരിശോധിച്ച് 12.02.2018 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി റിപ്പോർട്ട് നൽകുകയും സിറ്റി മെഡിക്കൽ സപ്ലൈസിന്റെ സാധനങ്ങൾ ഉന്നത നിലവാരം പുലർത്തുന്നതിനാൽ വിലയുടെ അന്തരം പരിഗണിക്കാതെ ടി വിതരണക്കാരനിൽ നിന്നും മേശയും കസേരയും വാങ്ങുന്നതിന് 16.02.2018 ലെ കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 59 കുട്ടികൾക്ക് മേശയും കസേരയും നൽകിയിട്ടുണ്ട്.(ആകെ 59 കുട്ടികളിൽ 4 കുടുംബങ്ങളിൽ 2 പേർക്ക് വീതം വിതരണം നടത്തിയിട്ടുണ്ട്)

പ്രസ്തുത പ്രോജക്ടുകളിലെ വാങ്ങലുകളിൽ വിലയുടെ യുക്തിഭദ്രത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ പ്രൊക്യൂർമെന്റ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. സാധനങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് ജില്ലാ ഫോറസ്റ്റ് ഓഫീസറിൽ കുറയാത്ത റാങ്കുള്ള ഉദ്യോഗസ്ഥനിൽ നിന്നോ ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടിയിരുന്നു. കൂടിയ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചെങ്കിലും സപ്ലൈയർമാരുമായി നെഗോഷ്യേഷൻ നടത്തി നിരക്ക് കുറയ്ക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. വിലയുടെ യുക്തിഭദ്രത ഉറപ്പ് വരുത്തുന്നതിലേക്ക് താഴെപ്പറയുന്ന കാര്യങ്ങൾ പരിഗണിച്ചതായി റിപ്പോർട്ടിലില്ല.

1)അതേ സ്റ്റോറുകളിൽ നിന്നും അവസാനമായി വാങ്ങിയ നിരക്ക്

2) അതേ സ്റ്റോറുകളുടെ നിലവിലെ കമ്പോള നിരക്ക്

3) ഉത്പാദനത്തിനുപയോഗിക്കുന്ന അസംസ്കൃത സാധനങ്ങളുടെ നിരക്ക്

4) വിവിധ സ്രോതസ്സുകളിൽ നിന്നുള്ള മത്സരാധിഷ്ഠിത നിരക്ക്, ഉൾപ്പെട്ടിട്ടുള്ള അളവ്, ചെലവ് അപഗ്രഥനം

അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഇപ്രകാരമുള്ള വാങ്ങലുകൾ നടത്തുമ്പോൾ പ്രൊക്യൂർമെന്റ് മാന്വലിലെ നടപടി ക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 തെരുവ് വിളക്കുകളുടെ പരിപാലനം- നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | 67/2017-18 |
| അടങ്കൽ | 400000 (വികസനഫണ്ട്- |

| | |
|---|---|
| | ജനറൽ) |
| ചെലവ് | 200000 |
| ചെക്ക് നം/തീയതി | 4423/28.12.2017 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

കവിയൂർ സെക്ഷനിലെ ഇലക്ട്രിക് പോസ്റ്റുകളിൽ കോൺട്രാക്ട് വ്യവസ്ഥയിൽ തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് ചെയ്യുന്നതിന് ടെണ്ടർ /റീ ടെണ്ടർ ക്ഷണിച്ചിരുന്നു. റീ ടെണ്ടറിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത കെ വി അനിൽകുമാർ, കല്ലുപ്പാറ പുത്തൻ വീട്, മഞ്ഞാടി എന്നയാളുടെ ടെണ്ടർ 19.10.2017 ലെ 1(1) തീരുമാനമായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

14 വാർഡുകളിലായി 312 സി എഫ് എൽ, 404 സിംഗിൾ ട്യൂബ് സെറ്റ്, 55 എൽ ഇ ഡി(18 വാട്ട്), 12 സോഡിയം വേപ്പർ ലാംപ്(250 വാട്ട്), 11 സോഡിയം വേപ്പർ ലാംപ് (150 വാട്ട്) എന്നിവയുൾപ്പടുന്ന തെരുവ് വിളക്ക് ശൃംഖല ആവശ്യമുള്ളപ്പോൾ റിപ്പയർ ചെയ്ത് രാത്രി സമയത്ത് മുടക്കം കൂടാതെ 1 വർഷത്തേക്ക് പ്രകാശിപ്പിക്കുന്നതിനായിരുന്നു ഉടമ്പടി.

റീ ടെണ്ടറിൽ ടിയാൾ ക്വോട്ട് ചെയ്ത നിരക്ക് താഴെപ്പറയും പ്രകാരമാണ്.

| | |
|---|---|
| ട്യൂബ് ലൈറ്റ്(മാറ്റിയിടലും അറ്റകുറ്റപ്പണിയും ഒരു പോസ്റ്റിന്) | 450.70 |
| Bulb/CFL | 450.70 |
| SVL | 1459.66 |
| LED/Tubeset(Street light Mt) | 738.2 |

08.08.2017 ൽ കെ എസ് ഇ ബിയിൽ നിന്നും ലഭ്യമാക്കിയ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ ഇനം താഴെപ്പറയുന്നു.

| | |
|---|---|
| Bulb | 312 |
| SVL250W | 12 |
| SVL 150 W | 11 |
| Flourescent Tube | 404 |
| LED 18 W | 55 |

വിവിധ വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയ അറ്റകുറ്റപ്പണി സംബന്ധിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വാർഡ് നം | ട്യൂബ് | ബൾബ് | SVL | LED | Total |
|---|---|---|---|---|---|
| 1 | 26 | 20 | | | |
| 2 | 27 | 22 | | | |
| 3 | 28 | 22 | | | |
| 4 | 25 | 24 | 1 | | |
| 5 | 21 | 21 | | | |
| 6 | 28 | 13 | | | |
| 7 | 17 | 21 | | | |
| 8 | 26 | 18 | | | |
| 9 | 28 | 19 | 3 | | |
| 10 | 35 | 17 | 2 | 2 | |
| 11 | 28 | 4 | 3 | 17 | |
| 12 | 28 | 16 | | | |
| 13 | 21 | 21 | | | |
| 14 | 27 | 22 | | | |
| | 365 | 260 | 9 | 19 | 653 |

ട്യൂബ് ലൈറ്റും ബൾബും മാറ്റിയിട്ടതിന് ചെലവ് =625 * 450.70 = 281687.50

സോഡിയം വേപ്പർ ലാംപ് മാറ്റിയിട്ടതിന് ചെലവ് =9 * 1459.66 = 13136.94

എൽ ഇ ഡി ബൾബ് മാറ്റിയിട്ടതിന് ചെലവ് =19 * 738.2 = 14025.8

ആകെ = 308850.24

കരാറുകാരന് പാർട്ട് ബില്ലായി 200000 രൂപ നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലുണ്ടായ അപാകതകളുടെ വിവരം ചുവടെ ചേർക്കുന്നു.

മാറ്റിയിട്ട ട്യൂബ്, ബൾബ്, SVL, LED എന്നിവയും കെഎസ്ഇബിയുടെ പക്കലുള്ള തെരുവ് വിളക്കുകളുടെ ഇനവും എണ്ണവുമായി പൊരുത്തപ്പെടുന്നില്ല. മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയ ലിസ്റ്റിൽ പോസ്റ്റ് നമ്പർ, ട്യൂബ്/ബൾബ് മാറ്റിയിട്ടതിന്റെ വിവരം എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

അറ്റകറ്റപ്പണിയാണോ ട്യൂബ് /ബൾബ് മാറ്റിയിട്ടതാണോ എന്ന വിവരം രേഖപ്പെടുത്തുന്നില്ല.തെരുവ് വിളക്കുകളുടെ ഇനം സംബന്ധിച്ച് കെഎസ് ഇബിയിൽ നിന്നും ലഭിച്ച 8.8.2017, 29.12.2018 എന്നീ തീയതികളിലെ കത്തുകളിലും രേഖപ്പെടുത്തിയിട്ടുള്ള വിളക്കുകളുടെ എണ്ണം പൊരുത്തപ്പെടുന്നില്ല..

പഞ്ചായത്ത് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയ റിപ്പോർട്ടിൽ ബൾബുകൾ മാറ്റിയിടുന്നതായി കാണിച്ചിട്ടുണ്ട്. ബൾബാണോ സി എഫ് എൽ ആണോ മാറ്റിയിടുന്നതായി റിപ്പോർട്ടിൽ സാക്ഷ്യപ്പെടുത്തിയതെന്ന് വ്യക്തമല്ല. സാധാരണ ബൾബിന് നൽകുന്ന നിരക്ക് ഉയർന്നതാകയാൽ വൈദ്യുതി ചാർജ്ജിനത്തിൽ ഭീമമായ തുക നൽകി വരുന്നു..

ഈ സാഹചര്യത്തിൽ നിലവിലുള്ള വിളക്കുകളുടെ എണ്ണം, ഇനം, പോസ്റ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി നിജസ്ഥിതി ബോദ്ധ്യപ്പെടുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

പഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ ഇനം, സ്ഥാപിക്കപ്പെട്ട ഇലക്ട്രിക്ക് പോസ്റ്റ്, മാറ്റിയിട്ട ഉപകരണം, കേടായ ഉപകരണങ്ങളുടെ വിവരം, വാർഡ് നംപർ എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 3-3 വകയിരുത്തിയ തുക പൂർണ്ണമായും പ്രയോജനപ്പെടുത്തിയില്ല

2016-17 ൽ താഴെപറയുന്ന മരാമത്ത് പ്രവൃത്തികൾക്കായി പ്രോജക്ട് രൂപീകരിച്ച് തുക വകയിരുത്തുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം | 49/16-17(144/18) |
| പ്രോജക്ട് നം | അയ്യനാകഴി തേനിശ്ശേരിൽ പൈനം കാട്ടിൽ ശാസ്താംകുന്നേൽ റോഡ് മെയിന്റനൻസ് |
| അടങ്കൽ | 400000ബിൽ നം/തീയതി |
| കരാറുകാരൻ | ശ്രീ കെ പി ജോൺ |
| ചെലവ് | 292293 |
| ബിൽ നം/തീയതി | 3/27.06.2017 |

പ്രോജക്ടിന്റെ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) ഫയൽ പരിശോധിച്ചതിൽ 69 മീറ്റർ നീളത്തിൽ റോഡ് കോൺക്രീറ്റിംഗിനായിട്ടാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എന്നിൽ 54.5 m നീളത്തിൽ മാത്രമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. പ്രവൃത്തി സംബന്ധിച്ച എസ്റ്റിമേറ്റോ, ലൊക്കേഷൻ സ്കെച്ചോ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. എസ് സി പി ഫണ്ട് ഉപയോഗിച്ച് നടപ്പാക്കിയ പ്രവൃത്തിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റും ഫയലിൽ സൂക്ഷിച്ചിട്ടില്ല. 13.02.2017 ൽ ആരംഭിച്ച പ്രവൃത്തി 17.03.2017 ൽ പൂർത്തിയാക്കുകയും 29.03.2017 ൽ ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ബിൽ ട്രഷറിയിൽ ക്യൂ ലിസ്റ്റിൽ വന്നതിനാൽ പിന്നീട് 30.06.2017 ൽ സ്പിൽ ഓവറായാണ് ചെലവ് നടന്നിട്ടുള്ളത്. വർഷാന്ത്യത്തിൽ തിരക്കിട്ട് പണി നടത്തിയതിനാലും യഥാസമയം ബില്ലുകൾ കൊടുക്കാൻ സാധിക്കാതെയും പ്രവൃത്തി കൃത്യമായ അളവിൽ പൂർത്തീകരിക്കാതെയും വന്നതിനാലും ആകെ വകയിരുത്തിയിരുന്ന 400000 രൂപയിൽ 107707 രൂപ ഉപയോഗപ്പെടാതെ ലാപ്സാകുകയുണ്ടായി. ടി വിഷയം ഭരണ വകുപ്പിന്റെ(എൽ എസ് ജി ഡി) ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

പദ്ധതി മാർഗ്ഗരേഖ (സ.ഉ (എം.എസ്) 72/17/ത.സ്വ.ഭ.വ- തീ 29/03/2017ഖ- 13(8)) പ്രകാരം അടിസ്ഥാന സേവന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വിപുലപ്പെടുത്തുന്നതിനും വേണ്ടി മാത്രമായിരിക്കണം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കേണ്ടത്.2017-18 വർഷത്തെ പ്രോജക്ടുകൾ പരിശോധിച്ചതിൽ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകയിരുത്താൻ അനുവാദമില്ലാത്ത പ്രോജക്ടുകൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ മെച്ചപ്പെട്ട രീതിയിൽ നിറവേറ്റുന്നതിന് ചുവടെ പറയുന്ന ഇനങ്ങൾക്ക് ധനസഹായം ലഭ്യമാക്കുക എന്നതാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റു നൽകുന്നതിലൂടെ ലക്ഷ്യമിട്ടിരുന്നത്.

1) ശുചിത്വം,കക്കൂസ് മാലിന്യപരിപാലനം

2) മലിന ജല നിർഗ്ഗമന സംവിധാനം, ഖരമാലിന്യ പരിപാലനം

3) ശ്മശാനങ്ങൾ സ്ഥാപിക്കൽ

4) കടിവെള്ള വിതരണം

5) നടപ്പാതകളുടെ നിർമ്മാണം, തെരുവുവിളക്കുകൾ സ്ഥാപിക്കൽ

6) ഗ്രാമപഞ്ചായത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹ്യ

ആസ്തികളുടെ സംരക്ഷണം, പരിപാലനം

7) റോഡുകളുടെ സംരക്ഷണം, പരിപാലനം

ഓരോ വർഷവും ഒരു അടിസ്ഥാന മേഖലയ്ക്ക് മുൻഗണന നൽകി അതിനുവേണ്ടി കൂടുതൽ തുക വകയിരുത്തി ആ മേഖലയിലെ ആവശ്യങ്ങൾ പൂർണ്ണമായി പരിഹരിക്കുന്നതിനാണ് സർക്കാർ നിർദ്ദേശിച്ചിരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി തൻവർഷം ഏറ്റെടുത്ത പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടിന്റെ വിശദാംശം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|
| 1 | വനിതാ വ്യവസായ കേന്ദ്ര നവീകരണം, 107/18 | 380512 | 357920 |
| 2 | വനിതാ വ്യവസായ കേന്ദ്രം അനുബന്ധ സൗകര്യം, 123/18 | 400000 | 0 |
| 3 | അംഗൻവാടി നിർമ്മാണം, 99/18 | 500000 | 0 |

| | | | |
|---|---|---|---|
| 4 | അംഗൻവാടി അറ്റകുറ്റപ്പണി | 200000 | 0 |
| 5 | വയോജന സൗഹൃദ ബ്ലോക്ക് നിർമ്മാണം | 247238 | 246340 |
| 6 | വയോജന ബ്ലോക്ക് പൂർത്തീകരണം | 350000 | 0 |
| 7 | അംഗൻവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ | 592000 | 0 |
| 8 | മനയ്ക്കച്ചിറ-പുഴയോരം പാർക്കിംഗ് റൈഡുകളുടെ പെയിന്റിംഗ് | 100000 | 0 |
| 9 | ഷോപ്പിംഗ് കോംപ്ലക്സ് പെയിന്റിംഗ് | 200000 | 0 |
| 10 | തിരുവാമനപുരം കാണിക്ക മണ്ഡപം - തൃക്കവിയൂർ മഹാദേവ ക്ഷേത്രം ടൂറിസ്റ്റ് വില്ലേജ് | 1100000 | 1100000 |

സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ധനകാര്യകമ്മിഷൻ ഗ്രാന്റ് വകമാറ്റി വകയിരുത്തിയതിനും ചെലവഴിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് -പ്രോജക്ട് ആവിഷ്കരിക്കുന്നില്ല

തെരുവ് വിളക്കുകൾക്ക് നാളിതുവരെ മീറ്ററിംഗ് ഏർപ്പെടുത്താത്തതിനാൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് പകരം വിളക്കുകളുടെ ഇനം, എണ്ണം എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് നിലവിൽ കെ എസ് ഇ ബി വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നത്. തന്മൂലം ഉപയോഗശൂന്യമായതും നിലവിൽ ഇല്ലാത്തതുമായ തെരുവ് വിളക്കുകൾക്കും വൈദ്യുതി ചാർജ്ജ് നൽകേണ്ടതായി വരുന്നു. 1135095 രൂപയാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും ഈയിനത്തിൽ ചെലവഴിക്കേണ്ടി വന്നത്. പഞ്ചായത്തിൽ നിലവിൽ വൈദ്യുതി ചാർജ്ജ് കണക്കാക്കുന്നതുമായി ബന്ധപ്പെട്ട് കെ എസ് ഇ ബിയിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | വിളക്കുകളുടെ വിശദാംശം | എണ്ണം |
|---|---|---|
| 1 | എൽ ഇ ഡി 1x20 | 222 |
| 2 | എൽ ഇ ഡി 1x10 | 55 |
| 3 | സോഡിയം വേപ്പർ ലാംപ് 1x250 | 12 |
| 4 | സോഡിയം വേപ്പർ ലാംപ് 1x150 | 11 |
| 5 | ഫ്ളൂറസന്റ് ട്യൂബ് 2x40 | 404 |
| 6 | ഓർഡിനറി ബൾബ് 1x60 | 312 |

എന്നാൽ തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്ത് കഴിഞ്ഞ3 വർഷങ്ങളായി ഓർഡിനറി ബൾബുകൾ വാങ്ങിയിട്ടില്ല. ഓർഡിനറി ബൾബുകളുടെ ശരാശരി പ്രവർത്തന ദൈർഘ്യം 1000 മണിക്കൂർ മാത്രമാണെന്നിരിക്കെ നിലവിൽ ഇല്ലാത്ത 312 ഓർഡിനറി ബൾബുകൾക്കുള്ള ചാർജ്ജും പഞ്ചായത്ത് ഒടുക്കേണ്ടി വരുന്നു.

മീറ്ററിംഗ് സംബന്ധിച്ച് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് ആരാഞ്ഞു കൊണ്ട് ഓഡിറ്റ് എൻക്വയറിക്ക് 2019-20 വർഷം മീറ്ററിംഗ് ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനായി വികസന സ്റ്റാന്റിംഗ് കമ്മിറ്റിയും വരുമാന നഷ്ടം സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഉചിതമായ തീരുമാനം കൈക്കൊള്ളേണ്ടതാണ്.

## 3-6 വെള്ളക്കരം അധികം ഒടുക്കുന്നു -സംയുക്ത പരിശോധനയില്ലാതെ

പതിമൂന്നാം പഞ്ച വത്സര പദ്ധതി മാർഗ്ഗ രേഖ പ്രകാരം (സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) 80/2017/തസ്വഭവ തീയതി 30.04.2017 ഖണ്ഡിക 8.5കുറിപ്പ് 2) പൊതുടാപ്പുകൾ നൽകാൻ പാടില്ലാത്തതും പകരം ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 175 വാട്ടർ ടാപ്പുകൾക്കായി പ്രതിവർഷം 5250 രൂപ നിരക്കിൽ പഞ്ചായത്ത് പ്രതിമാസം 76563 രൂപ വാട്ടർ ചാർജ്ജിനത്തിൽ ചെലവഴിക്കുന്നുണ്ട്. വെള്ളക്കരം ഇനത്തിൽ തൻ വർഷത്തെ ആകെ ചെലവ് 918756 രൂപയാണ്. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 18.05.2018 ൽ സംയുക്ത പരിശോധന നടന്നുവെങ്കിലും ഭാഗികമായി മാത്രമേ പരിശോധിക്കാൻ സാധിച്ചിട്ടുള്ളൂ എന്നാണ് അറിയിച്ചത്. ആയതിനാൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കും കൂടി ചേർത്ത് പ്രതിവർഷം ഭീമമായ തുകയാണ് നൽകി വരുന്നത്. ഗാർഹിക കണക്ഷന് പ്രധാന്യം നൽകി, പഞ്ചായത്തിന്റെ തനത് വരുമാന നഷ്ടം ഒഴിവാക്കുവാൻ അധികൃതർ ശ്രദ്ധ പുലർത്തേണ്ടതാണ്.

## 3-7 ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചു - ആനുപാതികമായ പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയില്ല

സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനും 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും സ. ഉ (പി)നം.7/2016/ഫിൻ തീ. 20.01.2016 പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവ് ഖണ്ഡിക48 പ്രകാരം 01/07/2014 പ്രാബല്യത്തിൽ പുതുക്കിയ നിരക്കിലുള്ള ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ധനകാര്യ വകുപ്പിന്റെ 22/3/17-ലെ 16/2017/ഫിൻ സർക്കുലർ അനുസരിച്ച് 31.1.2016-ൽ ഗ്രാമപഞ്ചായത്തിൽ ജോലി ചെയ്തിരുന്നതും 2014 ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള പുതുക്കിയ ശമ്പളത്തിന്റെ അടിസ്ഥാനത്തിലുള്ള ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതുമായ ജീവനക്കാർക്ക് അർഹമായ അടിസ്ഥാന ശമ്പളകുടിശ്ശികയുടെ 15%-ന് തുല്യമായ തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ ട്രഷറിയിൽ ഒടുക്കേണ്ടതാണ്. എന്നാൽ ഇതനുസരിച്ചുള്ള

പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ അടയ്ക്കേണ്ട തുക എല്ലാ മാസവും 5-ാം തീയതിക്ക് മുൻപ് ഒടുക്ക് വരുത്താത്ത പക്ഷം പിന്നീടുള്ള കാലയളവിന് 12 ശതമാനം പിഴപ്പലിശ കണക്കാക്കി സെക്രട്ടറിയുടെ വ്യക്തിപരമായ ബാദ്ധ്യതയായി നിശ്ചയിക്കുന്നതാണ്(ജിഒ (എം.എസ്) 205/90/എൽ.എസ്.ജി.ഡി തീയതി 03.12.1990). ആയത് അടിയന്തിരമായി ഒടുക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

## 3-8 സാക്ഷരതാമിഷനിൽ നിന്നും തുക തിരികെ ലഭിച്ചിട്ടില്ല

മുൻ വർഷങ്ങളിൽ സാക്ഷരത പ്രേരക് മാർക്ക് തനത് ഫണ്ടിൽ നിന്നും ഓണറേറിയം, റ്റി.എ ഇനങ്ങളിൽ നൽകിയ തുകയിൽ 49368 രൂപ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിക്കാനുണ്ട്. ആയതിൽ സാമ്പത്തിക വർഷം 1596 രൂപ മാത്രമാണ് തിരികെ ലഭിച്ചിട്ടുള്ളത്. 2017-18 വർഷം മുതൽ സാക്ഷരത മിഷൻ നേരിട്ടാണ് ഓണറേറിയം നൽകുന്നത്. വർഷാന്ത്യത്തിൽ സാക്ഷരതാ മിഷനിൽ നിന്നും 33677 രൂപ ലഭിക്കാൻ അവശേഷിക്കുന്നു. ജില്ലാ മിഷന് 14.08.2018 ൽ സി2-4556/2018-ാം നമ്പരായി കത്ത് നൽകിയിട്ടുണ്ടെങ്കിലും തുക ലഭ്യമാക്കാൻ മിഷൻ നടപടികൾ സ്വീകരിച്ചിട്ടില്ല. സാക്ഷരത മിഷനിൽ നിന്നും ലഭിക്കാനുള്ള തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-9 ശ്മശാനത്തിന് ഭൂമിയുണ്ടെങ്കിലും തുടർ നടപടിയില്ല

കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ ചട്ടം 3 (1)പ്രകാരം ശ്മശാനങ്ങൾ ആയി ഉപയോഗിക്കുന്നതിനുള്ള ഭൂമിയ്ക്കായി സൗകര്യം ഏർപ്പെടുത്തുന്നതിന് തുക ചെലവ് ചെയ്യാവുന്നതും അവ ഉപയോഗിക്കുന്നതിന് പഞ്ചായത്ത് നിശ്ചയിക്കും പ്രകാരം വാടകയും ഫീസും ചുമത്താവുന്നതുമാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ 19.04.2017 ലെ തീരുമാനം IV(5)-ൽ, 5-ാം വാർഡിലെ പൊതു ശ്മശാനത്തിൽ പ്രവേശിക്കുന്നതിനുള്ള വഴി വീതി കൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ടെങ്കിൽ ആ വിവരം അറിയിക്കണമെന്ന് കാണിച്ച് പത്തനംതിട്ട എൽ എ ഡെപ്യൂട്ടി കളക്ടർ കത്ത് നൽകിയതായി(സി 2 2435/12 dt 28.03.2017) സൂചിപ്പിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വിവരം റിപ്പോർട്ട് ചെയ്യാനായി പ്രസിഡന്റിനെയും 5-ാം വാർഡ് മെമ്പറെയും ചുമതലപ്പെടുത്തി പ്രസ്തുത കമ്മിറ്റി തീരുമാനിച്ചിരുന്നുവെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ 4 ആർ 86 ചമീ വിസ്തീർണ്ണത്തിലുള്ള തരിശു നിലം "കന്നിയാംപാറ മുട്ടത്തുപാറ burial ground"എന്ന് രേഖപ്പെടുത്തിക്കാണുന്നുവെങ്കിലും ടി സ്ഥലം ഏത് വാർഡിലാണെന്ന് രേഖപ്പെടുത്തിയിട്ടുമില്ല. പഞ്ചായത്ത് അധികൃതരോട് നേരിട്ടന്വേഷിച്ചതിൽ ശ്മശാനം സംബന്ധിച്ച ഫയലുകളോ രജിസ്റ്ററുകളോ ലഭ്യമല്ലായെന്നാണ് അറിയിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെടുന്ന വിഷയമായതിനാൽ ഇതിൻമേൽ തുടർ നടപടികൾ സ്വീകരിച്ച ശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 മുൻകൂറായി തുക നൽകിയിട്ടും മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല

2017-18 ൽ പി എച്ച് സി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായുള്ള പദ്ധതികൾ പ്രകാരം സർക്കാർ ഏജൻസികളിൽ പണം മുൻകൂർ ഒടുക്കിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്നുകളും ഉപകരണങ്ങളും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം, പേര് | പണം കൈപ്പറ്റിയ ഏജൻസി/ സ്ഥാപനം | അടച്ച തുക |
|---|---|---|---|
| 1 | ഹോമിയോ ആശുപത്രിക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം.S35/2018) | കേരളാ സ്റ്റേറ്റ് ഹോമ്ിയോപ്പതിക്ക് കോപ്പറേറ്റിവ് ഫാർമസി ലിമിറ്റഡ് | 200000 |
| 2 | പി.എച്ച്.സിക്ക് മരുന്ന വാങ്ങൽ (പ്രോജക്ട് നം.S036/2018) | KMSCL, തിരുവനന്തപുരം | 200000 |
| 3 | പാലിയേറ്റീവ് പരിചരണം- മരുന്ന് വാങ്ങൽ (പ്രോജക്ട് നം.S015/2018) | KMSCL, തിരുവനന്തപുരം | 193000+8600=201600 |
| 4 | പാലിയേറ്റീവ് പരിചരണം- ഉപകരണങ്ങൾ വാങ്ങൽ (പ്രോജക്ട് നം.S015/2018) | KMSCL, തിരുവനന്തപുരം | 8000 |
| | ആകെ | | 609600 |

മരുന്നുകളും ഉപകരണങ്ങളും അടിയന്തിരമായി ലഭ്യമാക്കാൻ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 മേഖലാ ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾക്ക് തുക ചെലവഴിച്ചു

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ നടത്തിപ്പിനായി ജില്ലാ പഞ്ചായത്തിന് വിഹിതം

നൽകിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | അടങ്കൽ | നൽകിയ വിഹിതം, ബിൽ നം/ തീയതി |
|---|---|---|---|---|---|
| 1 | 177/2018 | തിരുവാമനപുരം കാണിക്ക മണ്ഡപം തൃക്കവിയൂർ മഹാദേവക്ഷേത്രം ടൂറിസ്റ്റ് വില്ലേജ് നിർമ്മാണം | ധനകാര്യ കമ്മീഷൻ | 3100000 | 1100000 178/23.03.2018 |
| 2 | 178/2018 | തൃക്കക്കുടി ഗുഹാക്ഷേത്രം വിനോദ സഞ്ചാര ഗ്രാമ പദ്ധതി | റോഡ് മെയിന്റനൻസ് ഗ്രാന്റ് | 2500000 | 800000 179/23.03.2018 |

കേ.പ.രാ ആക്ട് 94 166-ാംവകുപ്പ് 1-ാം ഉപവകുപ്പ് 3,5 പട്ടികകൾ പ്രകാരം ഗ്രാമ പഞ്ചായത്തിന്റേയും ജില്ലാ പഞ്ചായത്തിന്റേയും മേഖലാ ചുമതലകളിൽ പെടുന്ന പദ്ധതികൾക്കല്ല പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത്. പൊതുവായതും അനിവാര്യവുമായ ചുമതലകൾക്കല്ലാതെ സർക്കാർ ഗ്രാന്റുകൾ ചെലവഴിക്കാൻ പാടുള്ളതല്ല. ഇപ്രകാരമുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് മുൻപ് സർക്കാരിന്റെ അനുമതി വാങ്ങേണ്ടിയിരുന്നു. ചുമതലയിൽപ്പെടാത്ത പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്ന നടപടി ക്രമ പ്രകാരമല്ല.

23.01.2017 ലെ ജിഒ(പി) 07/2017/ധന നമ്പർ ഉത്തരവ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കുള്ള തുക ജില്ലാപഞ്ചായത്തിന്റെ പേരിലുള്ള സ്പെഷ്യൽ ടി എസ് ബി അക്കൗണ്ടിലേക്ക് സെപ്റ്റംബർ 30 നകം മാറേണ്ടിയിരുന്നുവെങ്കിലും കാല താമസം ഉണ്ടായിട്ടുണ്ട്.. പ്രോജക്ടുകളുടെ പുരോഗതി വിവരം ഫെബ്രുവരി അവസാന വാരം നിർണ്ണയിക്കേണ്ടതും വിനിയോഗിക്കാത്ത തുക ഫെബ്രുവരി 28 നകം തിരികെ നൽകേണ്ടതുമായിരുന്നു. എന്നാൽ മാർച്ച് 31 നകം പദ്ധതികൾ പൂർത്തീകരിച്ചിട്ടില്ല.

സ്പിൽ ഓവറായി പദ്ധതികൾ തുടരുന്ന പക്ഷം ജിഒ(പി) നം 119/2015 തീയതി 21.03.2015 ഖണ്ഡിക 2(6) പ്രകാരം ജൂലൈയിൽ ലഭിക്കേണ്ട രണ്ടാമത്തെ അലോട്ട് മെന്റിനോടൊപ്പം സ്പിൽ ഓവർ ബാധ്യതയ്ക്കുള്ള അധികമായ അധികാരപ്പെടുത്തൽ (Additional Authorization) ട്രഷറി ഡയറക്ടറിൽ നിന്നും ലഭ്യമാക്കി തുടർ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നു. എന്നാൽ മേൽ സൂചിപ്പിച്ച യാതൊരു നടപടി ക്രമങ്ങളും പാലിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ടി അപാകതകൾ കാരണം ചെലവ് തുക തടസ്സപ്പെടുത്തുന്നു. അനുമതിയില്ലാതെ ഗ്രാന്റുകൾ കൈമാറിയതിനും സംയുക്ത പ്രോജക്ടുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിനും വിശദീകരണം നൽകേണ്ടതാണ്.

## 3-12 കേരളോത്സവം- ചെലവ് തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

തനത് ഫണ്ടിൽ നിന്നും 32503 രൂപ കേരളോത്സവത്തിന് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക ചെലവ് വന്നിട്ടുള്ളതായി സാംഖ്യ, സുലേഖ സോഫ്റ്റ് വെയറുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. നേരിട്ടുള്ള അന്വേഷണത്തിൽ പ്രോജക്ടിന് 35000 രൂപ വകയിരുത്തിയിരുന്നുവെന്നും യഥാസമയം ഗുണഭോക്താക്കളുടെ അക്കൗണ്ട് നമ്പർ ലഭിക്കാതെ വന്നതിനാൽ സാംഖ്യ സോഫ്റ്റ് വെയറിൽ തുകയുടെ ചെലവ് വിവരം മാർച്ച് 31ന് മുൻപ് ഉൾപ്പെടുത്താൻ കഴിയാതെ വന്നു എന്നുമുള്ള വിശദീകരണമാണ് ലഭ്യമാക്കിയത്. എന്നാൽ എല്ലാ ചെലവുകളും 10/2017 ൽ തന്നെ പൂർത്തിയായി തുക നൽകിയിരുന്നതായി വൗച്ചർ പരിശോധിച്ചതിൽ വ്യക്തമായി. ആദ്യം തുക ചെലവഴിക്കുകയും പിന്നീട് കേരളോത്സവം ചെലവുകൾക്കായി പ്രോജക്ട് ആവിഷ്കരിക്കുകയും ചെയ്തതിനാലാണ് ഇപ്രകാരമൊരു പിഴവുണ്ടായതെന്ന് പരിശോധനയിൽ വ്യക്തമായി. ജി ഒ (എം എസ്) 245/2011/തസ്വഭവ തീയതി 13.10.2011 ൽ സാംഖ്യ സോഫ്റ്റ് വെയർ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ പ്രതിപാദിച്ചിട്ടുള്ളത് കണക്കിലെടുക്കാതെ കേരളോത്സവം ചെലവുകൾക്ക് തുക പിൻവലിച്ചത് മൂലമാണ് സാംഖ്യയിൽ ഇപ്രകാരമൊരു പിഴവുണ്ടായത്. എല്ലാ മാസവും 5-ാം തീയതിക്ക് മുൻപ് തന്നെ ധനകാര്യ സ്ററാന്റിംഗ് കമ്മിറ്റിയിൽ വരവ് ചെലവ് കണക്കുകൾ പാസ്സാക്കിയിരുന്നുവെങ്കിലും കമ്മിറ്റിയും ടി പിഴവ് ശ്രദ്ധിച്ചിരുന്നില്ല. ചെലവ് ഉൾപ്പെടുത്താത്തതിനാൽ വാർഷിക കണക്കുകളിൽ ചെലവിൽ കുറവ് വരികയും നീക്കിയിരിപ്പിൽ വ്യത്യാസം ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. അപാകത പരിഹരിക്കേണ്ടതും യഥാസമയം കൃത്യമായി ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. ടി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും സെക്രട്ടറിയുടേയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-13 സ്പിൽ ഓവർ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചില്ല

സാമ്പത്തിക വർഷം സ്പിൽ ഓവറായി നടപ്പാക്കാൻ ആവിഷ്കരിച്ചിരുന്ന താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കാത്തത് മൂലം വകയിരുത്തിയിരുന്ന തുകകൾ നഷ്ടപ്പെടുകയുണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | സാമ്പത്തിക വർഷം | പ്രോജക്ട് നം | | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക, ഫണ്ടിനം |
|---|---|---|---|---|---|
| | | 2016-17 | 2017-18 | | |
| 1 | 2016-17 | 44/17 | 84/18 | വാർഡ് 2 ലെ റോഡുകളുടെ പുനരുദ്ധാരണം | 354785(സംരക്ഷണ ഗ്രാന്റ്-റോഡ്) |
| 2 | “ | 63/17 | 93/18 | വാർഡ് 14 ലെ വിവിധ റോഡുകളുടെ പുനരുദ്ധാരണം | 354785(സംരക്ഷണ ഗ്രാന്റ്-റോഡ്) |
| 3 | “ | 85/17 | 67/18 | വാർഡ് 13 ലെ വിവിധ റോഡുകളുടെ പുനരുദ്ധാരണം | 354785(സംരക്ഷണ ഗ്രാന്റ് റോഡ്) |
| 4 | “ | 89/17 | 99/18 | അംഗൻവാടി നിർമ്മാണം | 500000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)+500000- ജില്ലാ പഞ്ചായത്ത് വിഹിതം |
| 5 | “ | 91/17 | 101/18 | 7,10,12 അംഗൻവാടി | 200000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

| | | | | | |
|---|---|---|---|---|---|
| | | | | അറ്റകുറ്റപണി | |
| 6 | " | 92/17 | 102/18 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് പെയിന്റിംഗ് | 200000(ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| 7 | " | 93/17 | 103/18 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പെയിന്റിംഗ് | 205000(സംരക്ഷണ ഗ്രാന്റ്-റോഡിതരം) |
| 8 | " | 106/17 | | സാംസ്കാരിക നിലയം അറ്റകുറ്റപ്പണി | 244235<br>സ്പിൽ ഓവർ തുക- 55165 |
| 9 | " | 123/17 | 124/18 | പി എച്ച് സി സബ്സെന്റർ ടോയ് ലറ്റ് നിർമ്മാണം | 166442(വികസന ഫണ്ട്- ജനറൽ) |

പദ്ധതികൾ യഥാസമയം നടപ്പിലാക്കാത്തത് മൂലം വികസന പ്രവർത്തനങ്ങൾ നടപ്പിലാകാതെ പദ്ധതിപ്പണം പാഴാകുന്നത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-15 ആശ്രയ പദ്ധതി-അവലോകനം

അഗതികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമായി ആവിഷ്കരിച്ച ആശ്രയ പദ്ധതി ഗ്രാമപഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലായില്ല. ഒന്നാം ഘട്ട ആശ്രയ പദ്ധതിയിൽ 47 കുടുംബങ്ങളിൽ നിന്ന് 131 ഗുണഭോക്താക്കളും രണ്ടാം ഘട്ടത്തിൽ 77 കുടുംബങ്ങളിൽ നിന്ന് 189 ഗുണഭോക്താക്കളും ഉൾപ്പെട്ടിട്ടുണ്ട്.

ഒന്നാം ഘട്ട ആശ്രയ പദ്ധതി 2005 മുതൽ 2013 വരെ നടപ്പാക്കി. ഒന്നാം ഘട്ട ആശ്രയ പദ്ധതിയുടെ 4015240 രൂപയായിരുന്നു അടങ്കൽ. 2186286 രൂപ പദ്ധതിക്ക് ലഭ്യമായെങ്കിലും 1550901 രൂപ മാത്രമാണ് ആദ്യ ഘട്ടത്തിൽ ചെലവഴിച്ചത്.ഒന്നാം ഘട്ടത്തിൽ ഭക്ഷണത്തിനും ചികിത്സയ്ക്കും ചെലവ് റീ വിസിറ്റഡ് ഘട്ടത്തിൽ 2038901 രൂപ വകയിരുത്തിയിരുന്നെങ്കിലും 870041 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആകെ ചെലവ് 881012 രൂപ ഭക്ഷണം, ചികിത്സ, വീട് മെയിന്റനൻസ് എന്നിവയ്ക്കായി പരിമിതപ്പെടുത്തി.

രണ്ടാം ഘട്ട ആശ്രയ പദ്ധതിക്ക് സർക്കാർ ഉത്തരവ് 1317/2014/ തസ്വഭവ തീയതി 28.05.2014 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. 2013 മുതൽ 2016 വരെയായിരുന്നു പദ്ധതി കാലയളവ് 6025500 രൂപ പദ്ധതിക്കായി വകയിരുത്തിയിരുന്നു. 1974670 രൂപ മാത്രമാണ് രണ്ടാം ഘട്ട ആശ്രയ പദ്ധതിക്ക് വിവിധ ഫണ്ടുകളിൽ നിന്നും ലഭിച്ചിട്ടുള്ളത്. ആയതിൽ 1807064 രൂപ ചെലവഴിച്ചിട്ടുണ്ട്.

എല്ലാ ഘട്ടങ്ങളിലും വകയിരുത്തിയിരുന്നതിനെക്കാളും വളരെ കുറവായാണ് ഫണ്ടുകൾ ലഭ്യമാക്കിയിട്ടുള്ളത്. തൻമൂലം പദ്ധതി 14 വർഷങ്ങൾക്ക് ശേഷവും അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടില്ല.

രണ്ടാം ഘട്ട ആശ്രയ പദ്ധതി ഭക്ഷണ വിതരണത്തിനും മരുന്നിനും വീട് മെയിന്റനൻസിനും മാത്രമായി ഒതുങ്ങിയിരിക്കുന്നു. പദ്ധതി പ്രകാരം ഭക്ഷണവിതരണത്തിന് വകയിരുത്തിയ തുക പര്യാപ്തമല്ല. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കായി പെൻഷൻ പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. അർഹരായവർക്ക് ക്ഷേമ പെൻഷനുകൾ നൽകുന്നുണ്ടോയെന്ന് ഉറപ്പാക്കാൻ അധികാരികൾക്ക് കഴിയുന്നില്ല.

ആശ്രയ/അഗതി കുടുംബങ്ങളിലെ കുട്ടികളുടെ പഠനനിലവാരം ഉയർത്താൻ 51604 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വസ്തു വാങ്ങൽ , വീട് നിർമ്മാണം എന്നീ പ്രോജക്ടുകൾ നടപ്പാക്കിയിട്ടില്ല. അഗതി കുടുംബങ്ങളെ സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് സ്വയം തൊഴിലിനായി ഒരു പദ്ധതിയും ഗ്രാമപഞ്ചായത്തിൽ ആവിഷ്കരിച്ചില്ല.

ആശ്രയ പദ്ധതിയുടെ പൊതു നടത്തിപ്പിന്റെ മേൽനോട്ടം മോണിറ്ററിംഗ് സമിതിയിൽ നിക്ഷിപ്തമാണ്. സമിതി കൃത്യമായി പദ്ധതി പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ തുടർ നടപടികൾ കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | അടങ്കൽ തുക, ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 135714 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 135200 | 514 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 90400 | 9600 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | സബ്സിഡി ഡയറി ഫാർമേഴ്സ് | 300000 | 0 |
| ബ്ലോക്ക് | 2017-18 | 337500 | പാഡി | 337500 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | കൾട്ടിവേഷൻ | | |
| ജില്ലാ പഞ്ചായത്ത് | 2017-18 | 112500 | പാഡി കൾട്ടിവേഷൻ | 38850 | 73650 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| *റിപ്പോർട്ട് വർഷം* | *ഭാഗം/ ഖണ്ഡിക* | *ഈടാക്കിയ തുക* | *ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും* | *രസീത് നമ്പർ/ തീയതി* |
|---|---|---|---|---|
| 2016-17 | 3-2 | 979 | ശാലിനി ജി എസ്സ്, ക്ലർക്ക് | 117020102633 /15.11.2017 |
| 2016-17 | 3-10 | 2600 | പി റ്റി ചെല്ലപ്പൻ, അസിസ്റ്റന്റ് സെക്രട്ടറി | 117020103160 /05.12.2017 |
| ആകെ | | 3579 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 17 | 2002-03 | VIII 3.6(i) | തയ്യൽ മെഷീൻ വാങ്ങി വിതരണം ചെയ്യുന്ന പദ്ധതി-ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-2000 | 38 | 2002-03 | VII 3.6(ii) | പെരുമ്പട്ടി തോട്ടുമുഖത്ത് പമ്പ് ഹൗസ് നിർമ്മിക്കുന്ന പദ്ധതിയിൽ ഗുരുതരമായ ക്രമക്കേടുകൾ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 42, 51 | 2002-03 | VII 3.6(iii) | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയ കൺവീനർ പണി നടത്താത്തത് സംബന്ധിച്ച് | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ തുടരുന്നു. |
| 1999-00 | 49 | 2002-03 | Vil 3.6(iv) | മണ്ണേറ്റ് പടി പാറപ്പുഴ കടവ് റോഡ് പദ്ധതി നടത്തിപ്പിലെ | LFAC(2011-14) 16-ാം റിപ്പോർട്ട് പ്രകാരമുള്ള നടപടികൾ |

| | | | | | |
|---|---|---|---|---|---|
| | | | | അപാകതകൾ | തുടരുന്നു. |
| | | 2015-16 | 2.1 | തൊഴിൽ നികതി ഈടാക്കിയതിൽ കുറവ് -യുണൈറ്റഡ് ട്രോപ്പിക്കൽ വിന്നേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് | ടി സ്ഥാപനത്തിന്റെ തൊഴിൽ നികതി 2018 മാർച്ച് മാസം 21-ാം തീയതിയിലെ 117020500060-ാം നമ്പർ രസീതായി ഒടുക്ക് വരുത്തിയിട്ടുണ്ട്. |
| | | 2015-16 | 2.1 | ഡി& ഒ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും തൊഴിലുടമകളുടെയും വാർഷിക വരുമാന സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതായി കാണുന്നില്ല. | പരാമർശത്തിൻമേൽ നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട് |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഉത്തരവാദിയായ വ്യക്തികളുടെ പേര്/ ഉദ്യോഗപ്പേര് | സർട്ടിഫിക്കറ്റിന്റെ വിവരം | ഉൾപ്പെട്ട തുക | സ്വയം അടവാക്കിയ തുക (രസീത് നം/തീയതി) | ആർ.ആർ നടപടിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടവ | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|
| ഇല്ല | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പെടെ) റസീപ്റ്റ് &പേയ്മെന്റ് പത്രിക പ്രകാരം] | 52070244 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43863477 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1900000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| *ഖണ്ഡിക നം.* | *തുക* | *ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും* |
|---|---|---|
| 3-11 | 1900000 | ടി.എസ്സ്.യശോധരൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.എസ്സ്.യശോധരൻ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കന്നന്താനം പഞ്ചായത്ത് | തടത്തിൽ പുത്തൻ വീട്, മേലൂട് പി ഒ, അടൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | തീർപ്പാക്കാൻ അവശേഷിക്കുന്നവ |
|---|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/ പി2 /20/2000തീയതി 19.09.2000<br>എൽ.എഫ്.പി.റ്റി.എ/ പി2 /314/1999തീയതി 12.04.2000<br>എൽ.എഫ്.പി.റ്റി.എ/ പി3 /396/98തീയതി 3.8.2009 | 2<br>3<br>1 |
| 1998-99 | എൽ.എഫ്.പി.റ്റി.എ/ പി4/874 /2004തീയതി 11.05.2005<br>എൽ.എഫ്.പി.റ്റി.എ/ പി4 /567/99തീയതി 07.01.2001 | 6<br>1 |
| 1999-00 (ഡി.സി.ബി) | എൽ.എഫ്.പി.റ്റി.എ /പി4/878/04 തീയതി 05.07.2005 | 2 |
| 1999-00 (ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി2 /97/01 തീയതി 04.02.2002 | 12 |
| 2000-01 | എൽ.എഫ്.പി.റ്റി.എ/പി.4 /680/03 തീയതി 01.04.2004 | 5 |
| 2001-02 (DCB & FINAL) | എൽ.എഫ്.പി.റ്റി.എ പി4/342/05 തീയതി 9.12.2005 | 2 |
| 2002-03 | എൽ.എഫ്.പി.റ്റി.എ പി5/189/06 തീയതി 6.10.2006 | 13 |
| 2003-04 | എൽ.എഫ്.പി.റ്റി.എ പി.8/536 /2006/തീയതി 12.02.2008 | 3 |
| 2004-05 | എൽ.എഫ്.പി.റ്റി.എ /പി5/1133/07 തീയതി 03.04.2008 | 10 |
| 2005-06 | എൽ.എഫ്.പി.റ്റി.എ /പി/7/769/11 തീയതി 8.12.2001 | 6 |
| 2006-07 | എൽ.എഫ്.പി.റ്റി.എ /പി7/770/11 തീയതി 8.12.2011 | 10 |
| 2007-08 മുതൽ 09-10 വരെ | എൽ.എഫ്.പി.റ്റി.എ /പി6/420/2011 തീയതി 10.09.2013 | 2 |
| 2010-11& 11-12 | എൽ.എഫ്.പി.റ്റി.എ / പി/ 7/992/13 തീയതി 05.02.2014 | 9 |
| 2012-13 | എൽ.എഫ്.പി.റ്റി.എ / പി/7/954/14 തീയതി 23.12.2014 | 8 |
| 2013-14 | എൽ.എഫ്.പി.റ്റി.എ / പി/7/348/2015 തീയതി 28.07.2015 | |

| | | |
|---|---|---|
| 2014-15 | കെ.എസ്.എ.പി.റ്റി.എ പി.7-680/2016 തീയതി 21.06.2016 | 5 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ പി.7-680/2017 തീയതി 21.06.2016 | |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി.7-1113/2017 തീയതി 07.10.2017 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി7/23/2019 തീയതി 11.01.2019

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കവിയൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ(ഹ ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## AUDIT CERTIFICATE

No.KSAPTA.P7/23/2019 Dated 11.01.2019

Certified that I have Audited the Annual Financial Statement of Kaviyoor Grama Panchayat in Pathanamthitta district for the year ended on 31.03.2018 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kaviyoor Grama Panchayat for the year 2017-18 except the observations in my audit report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director(H.G)

Kerala State Audit Department

Pathanamthitta